# III ശ്രദ്ധക്ഷണിക്കൽ

## (i) കുന്നംകുളം നിയോജകമണ്ഡലത്തിൽപ്പെട്ട ഹരികനൃകയൂരിൽ നടന്ന കൊലപാതകം

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, കുന്നംകുളം നിയോജകമണ്ഡലത്തിലെ കണ്ടാശ്ശേരി പഞ്ചായത്തിൽപ്പെട്ട ഹരികനൃകയൂർ എന്ന ഗ്രാമത്തിൽ മനുഷ്യത്വത്തെ ഞെട്ടിപ്പിക്കുന്ന രീതിയിൽ നടന്ന ഒരു സംഭവത്തെ സംബന്ധിച്ച് ഗവൺമെന്റ് കാണിക്കുന്ന ഉദാസീനത സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഞാൻ ശ്രമിക്കുന്നത്. കഴിഞ്ഞ ആഗസ്റ്റ് മാസം 12-ാം തീയതി പകൽ 10 മണിക്കു ശേഷമാണ് ഹരികനൃകയൂർ എന്ന സ്ഥലത്ത് ഈ സംഭവം നടന്നത്. ചൂണ്ടൽ-ഗുരുവായൂർ റോഡിന്റെ വളരെയടുത്ത് വളരെയധികം വീടുകളും ഒരുമിച്ച് കൂടിനിൽക്കുന്ന ഒരു സ്ഥലമാണ് ഇത് ഒറ്റപ്പെട്ട സ്ഥലമല്ല. പകൽ സമയത്ത് ഉദ്ദേശം 11 മണിയോടുകൂടി 80 വയസ്സിനോടടുക്കുന്ന കുഞ്ഞിക്കുട്ടിയമ്മ എന്ന വൃദ്ധയും അവരുടെ മകളായ 40 വയസ്സ് പ്രായമുള്ള ചിന്നു എന്നു വിളിക്കുന്ന സാവിത്രി അമ്മയും കൊലചെയ്യപ്പെട്ടു. അവരുടെ വീടിന്റെ അടുക്കളഭാഗത്ത് അക്രമികളും പട്ടാപകൽ അവരെ വെട്ടിനുറുക്കി കൊന്നിട്ടശേഷം യഥേഷ്ടം ഇറങ്ങിപോയി. ഉദ്ദേശം 2-3 ഏക്കർ സ്ഥലത്ത് 5-8 വീട്ടുകാർ താമസിക്കുന്ന ഒരു സ്ഥലമാണ് ഇത്. ചൂണ്ടൽ-ഗുരുവായൂർ മെയിൻ റോഡിൽ നിന്ന് വിളിച്ചാൽ വിളി കേൾക്കുന്ന സ്ഥലം. നമ്മുടെ ബഹുമാനൃനായ മുഖ്യമന്ത്രി തന്നെ ആ റൂട്ടിലൂടെ മാസത്തിൽ 3 പ്രാവശ്യമെങ്കിലും സഞ്ചരിക്കുന്നുണ്ട്. പ്രധാനപ്പെട്ട റോഡാണ്. അവിടെയാണ് കൊലപാതകം നടന്നത്. ഈ ക്രൂരതയുടെ ഞെട്ടലിൽ നിന്നും ഗ്രാമം ഇനിയും ഉണർന്നിട്ടില്ല. ഇത്രയും സമയം കഴിഞ്ഞതിനുശേഷവും ഒരു അടിപിടി കേസ്സിന്റെ ഗൗരവത്തോടുകൂടിയുള്ള ഒരു പോലീസ് അനേഷണംപോലും അക്കാര്യത്തിൽ നടന്നില്ല. ഒരു രാജ്യത്ത് എവിടെയെങ്കിലുമുള്ള തല്ലു കേസുപോലും പോലീസ് ഗൗരവമായി അനേഷിക്കും. ആ പ്രദേശത്തെ ജനങ്ങൾ ഒരുമിച്ചു ചേർന്ന് മുഖ്യമന്ത്രിക്ക് ഗുരുവായൂരിൽവച്ച് നിവേദനം നടത്തി. ആ കാര്യത്തെക്കുറിച്ച് ഗൗരവമായി അനേഷിക്കണമെന്ന് ആവശ്യപ്പെട്ടു. അവരുടെ പ്രതിഷേധം രേഖപ്പെടുത്തി. മുഖ്യമന്ത്രിയുടെ പാർട്ടിയിൽപ്പെട്ട നേതാക്കൻമാർ പോലീസിന്റെ അനാസ്ഥയെക്കുറിച്ച് ശക്തിയായി ഇവിടെനിന്ന് പ്രസംഗിച്ചു. പത്രങ്ങളിൽ വന്ന വാർത്തയാണ്. ഇളക്കമില്ല. നമ്മളുടെ പോലീസ് കുറ്റാനേഷണം നടത്തുന്നതിനും കണ്ടുപിടിക്കുന്നതിനും വളരെ പ്രാപ്തിയും ശക്തിയുമുള്ളവരാണ്. പക്ഷേ എന്തുകൊണ്ടോ ഈ കാര്യത്തിൽ, പോലീസിന്റെ കൈകളും പുറകോട്ട് കെട്ടിയിടപ്പെട്ടിരിക്കുകയാണ് എന്ന് സംശയിക്കാവുന്നതാണ് സ്ഥിതി. അനേഷണമില്ല. ഒരു പ്രതിയെപ്പോലും പിടിക്കാൻ കഴിഞ്ഞില്ല, എങ്ങനെയാണ് സംഭവിച്ചതെന്ന് അറിയില്ല. അർദ്ധരാത്രി നടന്നതല്ല. ഈ രാജ്യത്ത് ക്രമസമാധാനത്തിന്റെ ശക്തി ഇരട്ടകൊലപാതകം വാർത്തയല്ലാതായി. 4-5 പേർ ഒരുമിച്ച് കൊല ചെയ്യപ്പെട്ടാൽ മാത്രമേ പത്രക്കാർപോലും വാർത്ത കൊടുക്കുന്നുള്ളു എന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തി. പട്ടാപകൽ കൊലചെയ്യപ്പെട്ട ആ വൃദ്ധയുടേയും മകളുടേയും മരണശേഷം 2 പെൺകുട്ടികളും മാത്രമാണ് അവിടെ താമസിക്കുന്നത്, അവർ സ്കൂളിൽ പോയിരുന്ന സമയത്താണ് സംഭവം നടന്നത്. തൊട്ടടുത്ത് വീടുകളുണ്ട്. അയൽക്കാരുണ്ട്. പക്ഷേ മെയിൻറോഡിനടുത്ത് ആ കൊലപാതകം നടന്നശേഷം അതിനെക്കുറിച്ച് ഗൗരവമായി അനേഷണം നടത്തുന്നതിന് എന്തെങ്കിലും ഒരു തുമ്പുണ്ടാക്കുന്നതിന് ..... ഒരു വാചകം പറയാൻ അനുവദിക്കണം. വളരെ ഹൃദയഭേദകമായ സംഗതി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. ആ ഗ്രാമത്തിൽ ഒരിക്കൽ പോകാൻ സാധിച്ചാൽ ആ ഗ്രാമത്തിലെ ജനങ്ങളുടെ മനസ്സാക്ഷി മരവിച്ച് ജീവിതം മരവിച്ചിരിക്കുകയാണെന്ന് കാണാവുന്നതാണ്. പുറത്തിറങ്ങാൻ ധൈര്യപ്പെടുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും പകൽ വീട്ടിലിരിക്കാൻ സാധിക്കാത്ത ദുഃസ്ഥിതി രാജ്യത്ത് വന്നാൽ എങ്ങനെ പൊറുക്കും. അവർ എവിടേക്ക് പോകണം. ഈ സംഭവം നടന്ന പിറേദിവസമാണ് പോലീസ് ആ രംഗത്ത് അന്വേഷിക്കുന്നതിന് വന്നത്. വൃദ്ധയേയും മകളേയും വീട്ടിനകത്ത് അടുക്കളയിലിട്ട് കൊന്നതിനുശേഷം പിറേ ദിവസം പോലീസ് അന്വേഷണം. പോലീസുകാർ പറഞ്ഞത് അവർക്ക് എസ്ക്കോർട്ടും ലഹളയും മറ്റും ഉണ്ടായിരുന്നു എന്നാണ്. ഗുരുവായൂരിന്റെ കുഴപ്പമെന്തെന്നു വച്ചാൽ എല്ലാ മന്ത്രിമാരുടേയും പാർപ്പ് അവിടെയാണല്ലോ. വി. ഐ. പി. മാർക്ക് എസ്കോർട്ട് പോയാൽ പോലീസിന് കൊലപാതകം അന്വേഷിക്കാൻ സമയമില്ല. കാലത്ത് 11 മണിക്ക് കൊലപാതകം നടന്നതിനുശേഷം ഉച്ചതിരിഞ്ഞ് ശക്തിയായ മഴ പെയ്തതിനുശേഷം പോലീസ് എത്തിയതുകൊണ്ടാണ് പോലീസ് നായെ വിട്ട് അന്വേഷിക്കാൻ കഴിയാതെ വന്നത് എന്നു പോലീസ് ഉദ്യോഗസ്ഥൻമാർപോലും സമ്മതിച്ചു. ഇത് അന്വേഷിക്കണ്ടേ. എന്താണ് ഈ രാജ്യത്ത് രക്ഷ. ഈ രാജ്യത്ത് വിശേഷിച്ചും തൃശ്ശൂർ ജില്ലയിൽ കൊലപാതകങ്ങളുടെ കേന്ദ്രങ്ങളാണ്. പോലീസ് ഉദ്യോഗസ്ഥൻമാരെ നിഷ്പക്ഷമായി അന്വേഷിക്കാൻ വിടുന്നില്ല. പോലീസ് വകുപ്പിന്റെ ചാർജ് വഹിക്കുന്ന മുഖ്യമന്ത്രി എന്ന നിലക്ക് അദ്ദേഹത്തെക്കുറിച്ച് ആരോപിക്കുകയാണ്. എന്നിട്ട് ഓരോ പോലീസ് സ്റ്റേഷനിലേക്കും വിളിച്ച് ഇന്ന കേസ്, അന്വേഷിച്ചുകൊള്ളൂ ഇന്നവനെക്കുറിച്ച് അന്വേഷിച്ചുകൂടാ എന്നു പറയുന്ന മുഖ്യമന്ത്രിയുണ്ടായാൽ ഈ സംസ്ഥാനത്തിന്റെ ക്രമസമാധാനനില നിലനിൽക്കുമോ ? ആർക്ക് ജീവൻ രക്ഷ സർ. ഈ ഗൗരവകരമായ സ്ഥിതിയെക്കുറിച്ച് അന്വേഷിച്ച്, ഇനിയും മനുഷ്യർക്ക്, സ്ത്രീകൾക്കും കുട്ടികൾക്കും പകൽ വീട്ടിനകത്ത് ജീവിക്കാനുള്ള സ്ഥിതി ഉണ്ടാകുന്നതിന് ആവശ്യമായ നടപടി എടുക്കണമെന്നാണ് ഈ കാര്യത്തിൽ എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കുന്നംകുളത്തു് നടന്ന ദാരുണമായ സംഭവത്തെ സംബന്ധിച്ച് പോലീസ് സത്വരമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ആ സംഭവം ആഗസ്റ്റ് 12-ാം തീയതി നടന്നു. ഉടൻതന്നെ സൂപ്രണ്ട് ഓഫ് പോലീസും ഡി. ഐ. ജി. യും സ്ഥലത്തു ചെന്നു അന്വേഷണം നടത്തിയതിനാവശ്യമായ നടപടികളും സ്വീകരിച്ചു. പക്ഷേ ഇതുപോലുള്ള സംഭവങ്ങളുണ്ടായിട്ടുപോലും അയൽവക്കത്തുനിന്നും യാതൊരു സൂചനയും കിട്ടിയില്ല. അതുകൊണ്ടാണ് അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കാൻ തീരുമാനിച്ചത്. സത്വരമായ അന്വേഷണത്തിനുവേണ്ടി കഴിഞ്ഞ മാസം 24-ാം തീയതി ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത്തരം കാര്യങ്ങളിൽ ആരെ കൊന്നാലും മനുഷ്യന്റെ ജീവന്റെ വില മനസിലാക്കിക്കൊണ്ടുതന്നെ ശരിയായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ക്രൈം ബ്രാഞ്ച് എറെടുത്തതിനുശേഷം വളരെ വേഗതയിൽ അന്വേഷണം നടത്തുന്നുണ്ട്. കുറ്റവാളികളെ കണ്ടെത്തി ശിക്ഷിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ ആവശ്യമാണ്. നാട്ടിൽ ജനങ്ങൾക്കും സ്വസ്ഥത നിലനിർത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly